കൂടല്ലൂരിന്റെ സ്വന്തം എഴുത്തുകാരൻ ശ്രീ എം ടി ഏറെ നാളുകൾക്ക് ശേഷം നാട്ടിൽ എത്തുകയാണ്. അദ്ദേഹത്തെ സ്വീകരിക്കാനും ആദരിക്കാനും നാടൊരുങ്ങി. ഹരിഹരൻ, സി രാധാകൃഷ്ണൻ, ആലങ്കോട് ലീലാകൃഷ്ണൻ തുടങ്ങി നിരവധി പ്രശസ്തരൊക്കെ ചടങ്ങിലെത്തുന്നുണ്ട്. ചടങ്ങിന് തൊട്ടുമുൻപാണ് ഒരു കലാകാരൻ തന്റെ ആഗ്രഹം കമ്മിറ്റിക്കാരോട് അവതരിപ്പിച്ചത്. താൻ വരച്ച ഒരു ചിത്രം എം ടി ക്ക് കൈമാറണം. അവരതിന് സമ്മതം മൂളി.
ചടങ്ങിനിടയിൽ കലാകാരന് അതിന് സമയവും അനുവദിച്ചുകിട്ടി. വിറക്കുന്ന കൈകളോടെയാണ് അയാൾ ചിത്രം അദ്ദേഹത്തിന് കൈമാറിയത്. സ്വതേ ഗൗരവക്കാരനായ എം ടി അത് വാങ്ങി അവിടെ വച്ചു. കാൽ തൊട്ട് വന്ദിച്ച് കലാകാരൻ സദസ്സിലേക്ക്.
പിന്നെ ആശങ്കകൾ തുടി കൊട്ടിയ മണിക്കൂറുകളായിരുന്നു. അദ്ദേഹം ആ ചിത്രം കൊണ്ട് പോകുമോ? അതദ്ദേഹത്തിന് ഇഷ്ടപ്പെട്ടോ?
ഒടുവിൽ അദ്ദേഹം ആ ചിത്രം കയ്യിൽ പിടിച്ചു തന്റെ കാറിനടുത്തേക്ക് പോകുന്നത് കണ്ടപ്പോൾ മനസ്സ് കുളിർത്തു.

ആ ചിത്രം എം ടി ക്ക് കൈമാറിയ കലാകാരനാണ് ഈ ആഴ്ച നമ്മുടെ താരം.

കെ പി രതീഷ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കൂടല്ലൂർ ശാഖ.

കണ്ണൂർ കൂട്ടുമുഖം പോസ്റ്റ് ഓഫീസിൽ പോസ്റ്റ്മാൻ ആയ കുഞ്ഞിക്കണ്ണന്റെയും വീട്ടമ്മയായ ശകുന്തളയുടെയും രണ്ട് ആൺമക്കളിൽ മൂത്തയാളായ രതീഷിന്റെ ആദ്യകാല സ്കൂൾ ജീവിതം മടമ്പം മേരിലാൻഡ് ഹൈസ്കൂളിൽ ആയിരുന്നു. അതിന് ശേഷം പ്ലസ് ടു ശ്രീകണ്ഠപുരം ഗവണ്മെന്റ് ഹൈസ്കൂളിൽ. സ്കൂൾ കാലഘട്ടത്തിൽ ചിത്രരചന, ക്ലേ മോഡലിങ് ഒക്കെ ചെയ്യുമായിരുന്നെങ്കിലും മത്സരങ്ങളിൽ പങ്കെടുക്കാൻ മടിയായിരുന്നു രതീഷിന്.
ഡിഗ്രിക്ക് ശ്രീകണ്ഠപുരം എസ് ഇ എസ് കോളേജിൽ ചേർന്നതോടെയാണ് താൻ അന്തർമുഖത്വത്തിന്റെ തോടിൽ നിന്നും പുറത്ത് വന്നത് എന്ന് രതീഷ്. 2005 ൽ കോളേജിനെ പ്രതിനിധീകരിച്ച് രതീഷ് യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ ക്ലേ മോഡലിങ് മത്സരത്തിൽ പങ്കെടുത്തെങ്കിലും ശാസ്ത്രീയമായി ഇതൊന്നും അഭ്യസിക്കാത്ത തനിക്ക് സമ്മാനങ്ങൾ ഒന്നും ലഭിക്കില്ല എന്നായിരുന്നു കരുതിയത്. ഏതാണ്ട് എഴുപത്തഞ്ചോളം മത്സരാർത്ഥികൾ ഉള്ള മത്സരത്തിൽ താൻ ഒന്നാമതെത്തിയ വിവരം അടുത്ത ദിവസം കോളേജിൽ രാവിലെ എത്തുമ്പോഴാണ് രതീഷ് അറിയുന്നത്. അതേക്കുറിച്ച് പറയുമ്പോൾ അന്നത്തെ അതേ കൗതുകം ആയിരുന്നു ഇപ്പോഴും രതീഷിന്. കൂടാതെ നാടൻപാട്ട് മത്സരത്തിൽ രതീഷിന്റെ ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഇതേതുടർന്ന് കോളേജിന്റെ ഫൈൻ ആർട്സ് സെക്രട്ടറി ആയി രതീഷ് തെരഞ്ഞെടുക്കപ്പെട്ടു.
ഡിഗ്രി പഠനത്തിന് ശേഷം ട്രിച്ചി ഡി എസ് എഞ്ചിനീയറിംഗ് കോളേജിൽ നിന്നും എച്ച് ആർ, മാർക്കറ്റിംഗിൽ എം ബി എ കരസ്ഥമാക്കി.

പഠനത്തിന് ശേഷം 2008 ൽ രതീഷ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ സ്പെഷ്യലിസ്റ്റ് ഓഫീസർ ആയി ജോലിക്ക് ചേർന്നു. കണ്ണൂർ ശാഖയിൽ. കണ്ണൂർ ശാഖ തന്റെ കലാജീവിതത്തിന് ഒരുപാട് അവസരങ്ങൾ നൽകി. കുട്ടിക്കാലം മുതലുള്ള അഭിനയമോഹത്തിന് കണ്ണൂർ ശാഖ വേദിയൊരുക്കി കൊടുത്തു. ബാങ്ക് ഡേക്ക് തുടർച്ചയായി മൂന്ന് വർഷവും നാടകങ്ങളിൽ രതീഷിനെ തേടി നല്ല കഥാപാത്രങ്ങൾ വന്നു. ആദ്യവർഷം സന്തോഷ് ഏച്ചിക്കാനത്തിന്റെ കൊമാല, രണ്ടാം വർഷം എൻ എൻ പിള്ളയുടെ ആവർത്തനം, മൂന്നാം വർഷം കോഴിക്കോട് ശാന്തകുമാറിന്റെ ദാഹം. ഇതിൽ ദാഹം എന്ന ഒരു മണിക്കൂർ നീണ്ട നടകത്തിലെ പ്രധാനകഥാപാത്രത്തെ അവതരിപ്പിച്ചത് താനാണെന്ന് പറയുമ്പോൾ രതീഷ് വല്ലാതെ ഉത്സാഹഭരിതനായി.
കോളേജിൽ പഠിക്കുമ്പോൾ അവതരിപ്പിച്ച തെരുവ് നാടകങ്ങൾ ആണ് ഇവിടെ തനിക്ക് ഊർജമായത് എന്ന് രതീഷ് വിശ്വസിക്കുന്നു.

2010ൽ രതീഷിന് നിലമ്പൂർ ശാഖയിലേക്ക് സ്ഥലം മാറ്റം കിട്ടി. 2014ൽ പ്രൊമോഷനോടെ വയനാട് അഞ്ചുകുന്ന് ശാഖയിലേക്കും 2017ൽ മാനേജർ ആയി കൂടല്ലൂർ ശാഖയിലേക്കും.

നിലമ്പൂർ ശാഖയിൽ ജോലി ചെയ്യുന്ന കാലത്താണ് മടിച്ചുമടിച്ചാണെങ്കിലും രതീഷ് പാട്ടുകളും ചിത്രങ്ങളും മുഖപുസ്തകത്തിൽ പോസ്റ്റ് ചെയ്ത് തുടങ്ങിയത്. ബാങ്കിലെ പ്രോഗ്രാമുകളിൽ പാടാറുണ്ടെങ്കിലും പാട്ടുകൾ പോസ്റ്റ് ചെയ്യാൻ ഇപ്പോഴും മടിയാണെന്ന് രതീഷ്.
ടിബി ഗ്രൂപ്പിൽ പല തവണ ആലോചിച്ചാണ് രതീഷ് ചിത്രങ്ങൾ പോസ്റ്റ് ചെയ്യുന്നത്. എന്നാൽ ഗ്രൂപ്പിൽ നിന്നും കിട്ടുന്ന കലവറയില്ലാത്ത പ്രോത്സാഹനം തന്റെ ആത്മവിശ്വാസം ഏറെ വർധിപ്പിക്കുന്നുണ്ടെന്ന് പറയുമ്പോൾ രതീഷിന് ഏറെ സന്തോഷം.
അടുത്തിടെ ഗ്രൂപ്പിൽ ഏറെ പ്രശംസിക്കപ്പെട്ട കെ എസ് ആർ ടി സിയുടെ ചിത്രം തന്നെ വരച്ച് ഏറെ കാലത്തിന് ശേഷമാണ് രതീഷ് പോസ്റ്റ് ചെയ്തത്.

കഴിഞ്ഞ ലോക്ക് ഡൌൺ കാലം തന്റെ കലാസപര്യകൾക്ക് പുതിയ മേഖലകൾ ഒരുക്കികൊടുത്തു. കേരള പോലീസിന്റെ ആപ്പിനെക്കുറിച്ച് വിവിധ ഇടങ്ങളിൽ ഇരുന്ന് തയാറാക്കിയ ഹ്യസ്വചിത്രം ഏറെ പ്രശംസ പിടിച്ചു പറ്റി. അതിലെ അഭിനയം കണ്ട് ഫോൺ തേടിപ്പിടിച്ച് അതിലെ നായികയായ ചിത്രയെ വിളിക്കുമ്പോൾ ചിത്രയാണ് അതിൽ പ്രായമുള്ള ആളായി അഭിനയിച്ച രതീഷിനെക്കുറിച്ച് പറഞ്ഞത്. അതിന് ശേഷം ഇതേ ടീം ചെയ്ത വിഭാവനവും ഒരു ഹിറ്റ് ആയിരുന്നു. ഒരു പക്ഷേ വിവിധ

ഇടങ്ങളിൽ ഇരുന്ന് ചെയ്ത ഒരു ഹൊറർ ഹ്യസ്വചിത്രം ഇതായിരിക്കും. ഇതിലെ മനശ്ശാസ്ത്രജ്ഞനെ വളരെ തന്മയത്വത്തോടെയാണ് രതീഷ് അവതരിപ്പിച്ചത്.

സർക്കാർ സർവീസിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയി ജോലി ചെയ്യുന്ന ആരതിയാണ് രതീഷിന്റെ ജീവിതപങ്കാളി. മൂന്ന് വയസ്സുള്ള അൻവിതും ആരതിയുടെ അമ്മയുമായി കൂടല്ലൂർ ആണ് രതീഷിന്റെ താമസം.

വരും കാലങ്ങളിൽ തന്റെ സർഗ്ഗശേഷിയുടെ അടയാളങ്ങളുമായി രതീഷ് നമ്മുടെയൊപ്പം കൂടുതൽ സജീവമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതിന് എല്ലാ ആശംസകളും ടാലന്റഡ് ബാങ്കേഴ്സ് കുടുംബം നേരുന്നു.

രതീഷിന്റെ ചിത്രങ്ങളിലേക്കുള്ള ലിങ്ക്
https://www.facebook.com/100002908005501/posts/4393478377425719/?sfnsn=wiwspwa

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്
-----------------------------------------------------------------------------------------------

On Koodalloor's endeared writer Shri M.T returning home after a long stint,his home town geared up to receive and honour him. The event drew celebrities in enormity, including Shri. Hariharan, Shri.C Radhakrishnan, and Shri. Alankode Leela Krishnan.

Not long before the ceremony, an artist approached the committee with a request to hand over a painting he had sketched, to which they agreed and the artist was allotted time for it.

He handed the picture to M.T with faltering hands. M.T, quite reticent by nature, received it and kept it near him. The artist got blessings from M.T and followed the hours of anxiety as to whether M.T would like it and take it along with him on his departure.

However the artist got exhilarated beholding him holding the picture in his hand and walking towards his car. As of him, there was nothing more felicitous than recognition from such an inimitable personality like MT.

This week, let’s acquaint with you all,

Shri K.P Ratheesh,
State Bank of India,

Koodalloor Branch.

Ratheesh, the eldest of the two sons of Shri. Kunjikannan, who was working as a postman at the Koottumukham post office, Kannur and Smt.Shakuntala, a housewife; had his early school life at Maryland High School,Madampam.He did his at Plus two at Srikantapuram Government High School. Ratheesh had a zeal ingrained in him for painting and clay modelling since his school days but was hesitant to participate in competitions.

Ratheesh could get past his introversion after enrolling at SES College, Srikantapuram for pursuing his degree. Ratheesh represented the college in the Clay Modeling Competition at the University Youth Festival In 2005, despite having no hopes of receiving any prizes, nonetheless, he stood first among about seventy-five contestants. Ratheesh's team also bagged the third position in folk song competition.
Following this, Ratheesh was elected as the Fine Arts Secretary of the College.

After completing his degree, Ratheesh got his MBA in HR and Marketing from DS College of Engineering, Trichy.

Thereafter, Ratheesh joined the Kannur Branch of State Bank of India as Specialist Officer.

There he got many opportunities to hone his artistic skills.Ratheesh could enact good roles at plays for three years in a row at the Bank day Celebrations.He enacted significant roles in 'Komala' by Santhosh
Echikkanam, 'Aavarthanam' by NN Pillai, 'Daaham' by Kozhikode Shanthakumar. Ratheesh believes that the street plays he performed while in college laid the solid foundations of his flair for acting.

Ratheesh got transferred to Nilambur branch in 2010. He got promoted in 2014 and thereafter served at Anchukunnu branch in Wayanad and Koodalloor branch.

Though reluctant, Ratheesh started posting songs and pictures in his facebook page when he was working at Nilambur branch.

Ratheesh is quite happy to share that the relentless encouragement he receives from the Talented Bankers community enhances his self-esteem.

Ratheesh recently posted a picture of KSRTC, which grabbed wide spread attention.
The last lockdown opened up new avenues for his creative endeavors. The short film about the Kerala Police app was exceptionally acclaimed. It was Ms Chitra, the heroine of the film mentioned about Ratheesh who acted as an old man in the short film. 'Vibhaavanam' -another endeavour of the same team was also a success in which Ratheesh played the role of a psychologist in a very realistic way.

Mrs Arathy, the better half of Ratheesh works as an assistant engineer in the government service. Ratheesh lives in Koodalloor with Arathy,their three year old son, Anvit and Arathy's mother.

Let's hope that Ratheesh will keep exploring the heights of inventiveness. Talented Bankers community wishes Ratheesh and his family all the best for the days to come